**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം : 356 18.10.2016 ൽ മറുപടിയ്ക്ക്**

സൗരോർജ്ജ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുള്ള പദ്ധതികൾ

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ<br>" പി.വി. അൻവർ<br>" വി.കെ.സി. മമ്മത് കോയ<br>" ഡി.കെ. മുരളി | | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(വൈദ്യുതിയും ദേവസ്വവും വകുപ്പ മന്ത്രി) |
| (എ) | സൗരോർജ്ജ വൈദ്യുതി കൂടുതൽ ഉൽപ്പാദിപ്പിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) യും (ബി) യും | ആവിഷ്ക്കരിച്ചിട്ടുണ്ട്. സൗരോർജ്ജത്തിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനായി നിലവിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ധനസഹായ ത്തോടെ അനെർട്ട് നടപ്പിലാക്കിവരുന്ന പദ്ധതിക ളാണ് പതിനായിരം സൗരഗൃഹപദ്ധതിയും സോളാർ കണക്ട് ശൃംഖലാബന്ധിത പദ്ധതിയും.<br><br>10 മെഗാവാട്ട് സ്ഥാപിതശേഷി ലക്ഷ്യമിട്ട് 2012-13 കാലയളവിൽ അനെർട്ട് ആരംഭിച്ച പതിനായിരം സൗരഗൃഹ പദ്ധതിയിൽ 1 കിലോവാട്ട് ശേഷിയുള്ള സൗരനിലയങ്ങൾ സംസ്ഥാനത്തുടനീളമുള്ള 10000 മേൽക്കൂരകളിലായാണ് സ്ഥാപിക്കുക. സൗരനില യങ്ങളിൽ നിന്നും ലഭിക്കുന്ന വൈദ്യുതി ഇതോടൊപ്പ മുള്ള ബാറ്ററിയിൽ സംഭരിച്ച് ഉപയോഗിക്കുവാൻ സാധിക്കുന്ന പദ്ധതിയിൽ ഇതുവരെയായി 9900 ത്തിലധികം എണ്ണം സ്ഥാപിച്ചു കഴിഞ്ഞു. ഇതുവഴി സംസ്ഥാനത്തിന്റെ സ്ഥാപിതശേഷിയിൽ 9.9 മെഗാ വാട്ടിന്റെ വർദ്ധനവ് വരുത്തുവാൻ സാധിച്ചിട്ടുണ്ട്.<br><br>സംസ്ഥാനത്തിന്റെ സ്ഥാപിതശേഷിയിൽ 15 മെഗാവാട്ടിന്റെ വർദ്ധനവ് വരുത്തുക എന്ന ലക്ഷ്യ ത്തോടെ ആരംഭിച്ച പദ്ധതിയാണ് സോളാർ കണക്ട് ശൃംഖലാബന്ധിത പദ്ധതി. 2 കിലോവാട്ട് |
| ബി) | എങ്കിൽ ഇതിനായി എന്തെല്ലാം പ്രവൃത്തികളാണ് പൂർത്തീകരി ച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | | |

| | | | |
|---|---|---|---|
| | | | മുതൽ 50 കിലോവാട്ട് വരെ സൗരനിലയങ്ങൾ സ്ഥാപിക്കുന്ന പദ്ധതിയിൽ അപേക്ഷിക്കുന്നവർക്ക് കേന്ദ്ര സർക്കാർ ധനസഹായമായി പരമാവധി 24,000/- രൂപയും സംസ്ഥാന സർക്കാർ ധനസഹായമായി 10,000/- രൂപയും പ്രതി കിലോവാട്ടിന് ലഭ്യമാക്കുന്നതാണ്. ഇത്തരത്തിൽ അപേക്ഷ രജിസ്റ്റർ ചെയ്ത ഉപഭോക്താക്കൾ വിതരണ ലൈസൻസിയുടെ ശൃംഖലാബന്ധനത്തിനുള്ള അനുമതി ഉറപ്പുവരുത്തേണ്ടതാണ്. നിലവിൽ 15 മെഗാവാട്ടോളം സ്ഥാപിക്കുന്നതിനുള്ള അപേക്ഷ ലഭിച്ചതിൽ 6 മെഗാവാട്ടോളം സൗരനിലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള പ്രാഥമിക പ്രതിഷ്ഠാപന റിപ്പോർട്ട് അനെർട്ടിൽ ലഭിക്കുകയും അതിൽ 4.7 മെഗാവാട്ട് സൗരനിലയങ്ങൾ സ്ഥാപിക്കാനുള്ള അനുമതി നൽകുകയും ചെയ്തിട്ടുണ്ട്.<br><br>അനെർട്ടിന്റെ മേൽനോട്ടത്തിൽ പാലക്കാട് ജില്ലയിലെ കുഴൽമന്ദത്തുള്ള അനെർട്ടിന്റെ സ്വന്തം സ്ഥലത്ത് 2 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള സൗരോർജ്ജ പവർപ്ലാന്റിന്റെ നിർമ്മാണം അവസാനഘട്ടത്തിലാണ്. വിവിധ സർക്കാർ അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ 599 കിലോവാട്ട് ശേഷിയുള്ള സൗരോർജ്ജ പവർപ്ലാന്റ് പദ്ധതികൾ അനെർട്ടിന്റെ മേൽനോട്ടത്തിൽ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 262 കിലോവാട്ട് സ്ഥാപിതശേഷിയുള്ള സൗരോർജ്ജ പവർപ്ലാന്റ് പദ്ധതിയുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലുമാണ്.<br><br>4.548 മെഗാവാട്ടിന്റെ 10 സോളാർ പദ്ധതികൾ കെ.എസ്. ഇ. ബി. ലിമിറ്റഡ് നേരിട്ട് സംസ്ഥാനത്ത് നടപ്പിലാക്കി. വിശദാംശം അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. 200 മെഗാവാട്ടിന്റെ വൻകിട സോളാർ പദ്ധതി കെ.എസ്. ഇ. ബി. എൽ ഉം solar Energy Corporation നും ചേർന്ന് |

| | | | |
|---|---|---|---|
| | | | കാസർഗോഡ് ജില്ലയിൽ നടപ്പിലാക്കി വരുന്ന ഇതിൽ ആദ്യ 50 മെഗാവാട്ടിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്. സിയാൽ സ്ഥാപിച്ച 15.4 മെഗാവാട്ടിന്റെ സോളാർ പദ്ധതി ഗ്രിഡുമായി ബന്ധിപ്പിച്ചിട്ടുണ്ട്.148 ഉപഭോക്താക്കളുടെ ആകെ 2.8942 മെഗാവാട്ടിന്റെ പദ്ധതികളും കെ.എസ്. ഇ. ബി. എൽ ന്റെ ഗ്രിഡുമായി ബന്ധിപ്പിച്ചിട്ടുണ്ട്.<br><br>ഇപ്പോൾ നടത്തി വരുന്ന 14.363 മെഗാവാട്ടിന്റെ 18 പദ്ധതികളുടേയും, ടെൻഡർ ഘട്ടത്തിലുള്ള 4.22 മെഗാവാട്ടിന്റെ നാല് പദ്ധതികളുടേയും പട്ടിക അനുബന്ധം II ആയി ചേർത്തിരിക്കുന്നു. 200 MW ന്റെ പുതിയൊരു സോളാർ പാർക്ക് ആരംഭിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. |
| (സി) | സംസ്ഥാനത്തിന്റെ വർദ്ധിച്ച് വരുന്ന വൈദ്യുതി ആവശ്യകത നിറവേറ്റുന്നതിന് ഇവ എത്രമാത്രം പ്രയോജനപ്പെട്ടുമെന്നാണ് കരുതുന്നത്? | (സി) | പകൽ സമയത്തെ ഊർജ്ജ ആവശ്യകത നിറവേറ്റാനായി പുറത്തുനിന്നും വാങ്ങേണ്ടി വരുന്ന വൈദ്യുതിയുടെ അളവിൽ നേരിയ ക്രമീകരണം വരുത്താൻ സൗരോർജ്ജ വൈദ്യുതി ഉല്പാദനം മൂലം കഴിയുന്നുണ്ട്. കൂടാതെ ഉപഭോക്താക്കളെ സ്വയം വൈദ്യുതി ഉല്പാദിപ്പിക്കാൻ പ്രോത്സാഹിപ്പിക്കാനും, Renewable purchase Obligation നിറവേറ്റുന്നതിനും, സൗരോർജ്ജ പദ്ധതികളുടെ നടത്തിപ്പിലൂടെ സാധിക്കുന്നുണ്ട്. അനെർട്ട് നടപ്പി ലാക്കിയ പതിനായിരം സൗരഗൃഹ പദ്ധതി വഴി സംസ്ഥാന |

| | | | |
|---|---|---|---|
| | | | ത്തിന്റെ സ്ഥാപിതശേഷിയിൽ 10 മെഗാവാട്ടിന്റെ വർദ്ധനവ് വരുത്തുവാൻ സാധിച്ചിട്ടുണ്ട്. ഇത്തരത്തിൽ സംസ്ഥാനത്തെ വീടുകൾ / സ്ഥാപനങ്ങളുടെ മേൽക്കൂരകൾ പരമാവധി പ്രയോജനപ്പെടുത്തുന്ന പദ്ധതികൾ തുടർന്നും നടപ്പിലാക്കുക വഴി സംസ്ഥാനം നേരിടുന്ന ഊർജ്ജ പ്രതിസന്ധിക്ക് ഒരു പരിധി വരെ പരിഹാരം കാണുവാനാണ് അനെർട്ട് ലക്ഷ്യമിടുന്നത്. സംസ്ഥാനത്തിന്റെ വർദ്ധിച്ചുവരുന്ന വൈദ്യുതി ആവശ്യകത നിറവേറ്റുന്നതിന് ചെറിയ തോതിലെങ്കിലും സൗരോർജ്ജത്തിൽ നിന്നുള്ള വൈദ്യുത ഉത്പാദനം സഹായകരമാകുമെന്നാണ് കരുതുന്നത്. |

P. [signature]
സെക്ഷൻ ആഫീസർ

A356

അനുബന്ധം - 1

# കെ.എസ്.ഇ.ബി.എൽ പൂർത്തീകരിച്ച സൗരോർജ്ജ പദ്ധതികൾ

| നം. | പദ്ധതിയുടെ പേര് | സ്ഥാപിത ശേഷി (മെഗാ വാട്ട്) | പൂർത്തീകരിച്ച തീയതി |
|---|---|---|---|
| 1 | കഞ്ചിക്കോട് (ഗ്രൗണ്ട് മൗണ്ടഡ്) | 1.00 | 20.08.2015 |
| 2 | ചാലിയൂർ ആദിവാസി കോളനിയിലെ വീടുകളുടെ മേൽക്കൂരയിൽ | 0.096 | 30.08.2015 |
| 3 | പൊരിങ്ങൽകുത്ത് പവർഹൗസിന്റെ മേൽക്കൂരയിൽ | 0.050 | 10.09.2015 |
| 4 | ഫ്ലോട്ടിംഗ് സോളാർ - ബാണാസുരസാഗർ റിസർവോയറിൽ | 0.010 | 21.01.2016 |
| 5 | ബാണാസുരസാഗർ റിസർവോയറിൽ പരിസരത്തുള്ള സോളാർ ട്രീ, സോളാർ ഫൗണ്ടൻ, സോളാർ ഫ്ലവർ, സോളാർ ക്യാനപ്പി | | 21.01.2016 |
| 6 | കൊല്ലങ്കോട് സബ് സ്റ്റേഷൻ പരിസരത്ത് | 1.00 | 08.08.2016 |
| 7 | പടിഞ്ഞാറത്തറ ഡാമിനു മുകളിൽ | 0.44 | 29.08.2016 |
| 8 | ഇടയാർ സബ് സ്റ്റേഷൻ സെക്ഷൻ & ഓഫീസ് പരിസരത്ത് | 1.25 | 05.09.2016 |
| 9 | ജനറേഷൻ റൂഫ് ടോപ്പ് പദ്ധതി 17 എണ്ണം | 0.665 | |
| 10 | പാലക്കാട് ആദിവാസി കോളനി | 0.037 | |
| | ആകെ | 4.548 | |

P [signature]

സെക്ഷൻ ഓഫീസർ

അനുബന്ധം - 2

## നിർമ്മാണം നടക്കുന്ന സൗരോർജ്ജ പദ്ധതികൾ

| നം. | പദ്ധതിയുടെ പേര് | സ്ഥാപിത ശേഷി (മെഗാ വാട്ട്) | ഇപ്പോഴത്തെ നിലവാരം | കരാർ തുക (ലക്ഷം) |
|---|---|---|---|---|
| 1 | കെ.എസ്.ഇ.ബി യുടെ ജനറേഷൻ വിഭാഗത്തിലെ അനുയോജ്യമായ പവർ ഹൗസ് കെട്ടിടങ്ങളുടെ മുകളിൽ ഗ്രിഡ് കണക്ടഡ് (17 നം.) 1 എണ്ണം നിർമ്മാണം പൂർത്തീകരിച്ചു. | 0.035 | 35KW ന്റെ നിർമ്മാണം നടന്നു വരുന്നു 665 KW ന്റെ നിർമ്മാണം പൂർത്തീകരിച്ചു | 588 |
| 2 | പാലക്കാട് 4 ആദിവാസി കോളനികൾ പണി പൂർത്തീകരിച്ചു. 1 എണ്ണം നടന്നു വരുന്നു. (ഡി.ഡി.ജി) | 0.01 | 0.037 മെഗാവാട്ടിന്റെ 4 കോളനികൾ പൂർത്തീകരിച്ചു | 108.39 |
| 3 | പാലക്കാട് 10 ആദിവാസി കോളനികൾ അനുയോജ്യമായ 2 എണ്ണം പണി നടന്നു വരുന്നു (ഡി.ഡി.ജി) | 0.018 | | 76.08 |
| 4 | കെ.എസ്.ഇ.ബി ട്രാൻസ്മിഷൻ വിഭാഗത്തിലെ അനുയോജ്യമായ കെട്ടിടങ്ങളുടെ മുകളിൽ (27 നം) | 0.91 | നിർമ്മാണം അവസാനഘട്ട ത്തിലാണ് | 764.86 |
| 5 | കെ.എസ്.ഇ.ബി ഡിസ്ട്രിബ്യൂഷൻ വിഭാഗത്തിലെ അനുയോജ്യമായ കെട്ടിടങ്ങളുടെ മുകളിൽ (12 നം) | 0.46 | നിർമ്മാണം അവസാനഘട്ട ത്തിലാണ് | 382.089 |
| 6 | പോത്തൻകോട് സബ് സ്റ്റേഷൻ പരിസരത്ത് | 2.00 | നിർമ്മാണം പുരോഗമിക്കുന്നു | 1179 |
| 7 | തലക്കുളത്തൂർ, കോഴിക്കോട് | 0.65 | നിർമ്മാണം പുരോഗമിക്കുന്നു | 450 |
| 8 | ബാണാസുരസാഗർ റിസർവൊയർ/ കക്കയം ഗ്രിഡ് കണക്ട് ഫ്ലോട്ടിംഗ് | 0.50 | നിർമ്മാണം പുരോഗമിക്കുന്നു | 924.5 |
| 9 | പീരുമേട്, ഇടുക്കി | 0.50 | വർക്ക് ഓർഡർ നൽകി | 360.35 |
| 10 | ഏറ്റുമാനൂർ, കോട്ടയം | 1.00 | നിർമ്മാണം പുരോഗമിക്കുന്നു | 668.72 |
| 11 | ബാരാപോൾ കനാൽ ടോപ്പ് ഗ്രിഡ് കണക്ട് കനാൽ ടോപ്പ് | 3.00 | നിർമ്മാണം പുരോഗമിക്കുന്നു | 2598.3 |
| 12 | ബാരാപോൾ കനാൽ ബാങ്ക് ഗ്രിഡ് കണക്ട് കനാൽ ബാങ്ക് | 1.00 | നിർമ്മാണം പുരോഗമിക്കുന്നു | 675 |

| | | | | |
|---|---|---|---|---|
| 13 | നെന്മാറ | 1.5 | വർക്ക് ഓർഡർ നൽകി | 969 |
| 14 | പേഴയ്ക്കാപ്പള്ളി-മൂവാറ്റുപുഴ, എറണാകുളം | 1.25 | നിർമ്മാണം പുരോഗമിക്കുന്നു | 772 |
| 15 | മഞ്ചേശ്വരം കാസർഗോഡ് | 0.50 | വർക്ക് ഓർഡർ നൽകി | 369.3 |
| 16 | തിരുവനന്തപുരം വൈദ്യുതി ഭവനത്തിൻെറ മുകളിൽ | 0.03 | നിർമ്മാണം അവസാനഘട്ടത്തിലാണ് | .228 |
| 17 | പൊന്നാനി, മലപ്പുറം | 0.50 | നിർമ്മാണം ആരംഭിച്ചു | 353.9052 |
| 18 | കുറ്റിപ്പുറം | 0.50 | വർക്ക് ഓർഡർ നൽകി | 345.94 |
| | **ആകെ** | 14.363 | | |

## ടെൻഡർ ഘട്ടത്തിലുള്ള സൗരോർജ്ജ പദ്ധതികൾ

| നം. | പദ്ധതിയുടെ പേര് | സ്ഥാപിത ശേഷി (മെഗാ വാട്ട്) | പി.എ.സി |
|---|---|---|---|
| 1 | കൊട്ടിയം, കൊല്ലം | 0.60 | 375 |
| 2 | മയിലാട്ടി, കാസർഗോഡ് | 1.00 | 625.85 |
| 3 | മാടക്കത്തറ & ചൂളിശ്ശേരി, തൃശ്ശൂർ | 1.50 | 962 |
| 4 | കെ.എസ്.ഇ.ബി.എൽ ന്റെ അധീനതയിലുള്ള വിഭാഗത്തിലെ അനുയോജ്യമായ കെട്ടിടങ്ങളുടെ മുകളിൽ | 1.12 | 784 |
| | **ആകെ** | 4.22 | |

P-[signature]

സെക്ഷൻ ഓഫീസർ